# താലന്ത്

# സ്നേഹത്തിന്റെ കണ്ണീർ

ഒരു ഗ്രാമത്തിൽ അമ്മയും മകനും താമസിച്ചിരുന്നു . അമ്മ മകനെ വളരെ കഷ്ടപ്പെട്ടാണ് വളർത്തിയത് അടുത്തുള്ള വയലിൽ പണിയെടുത്താണ് ആ അമ്മയും മകനും ജീവിച്ചിരുന്നത് . അങ്ങനെ അവന് സ്കൂളിൽ പഠിക്കാൻ പ്രായമായപ്പോൾ അവനെ സ്കൂളിലയച്ചു പഠിപ്പിച്ചു .അങ്ങനെ അവന്റെ പഠനം പൂർത്തിയാക്കി. അവൻ അമ്മയോടൊരു ആഗ്രഹം പറഞ്ഞു .അമ്മേ എനിക്ക് കളക്ടറിന് പഠിക്കണം അമ്മ അവന്റെ ആഗ്രഹത്തിന് തടസ്സംനിന്നില്ല അവനെ കളക്ടറിന് പഠിപ്പിക്കാൻ തീരുമാനിച്ചു .പക്ഷെ വയലിൽ നിന്നു കിട്ടുന്ന തുച്ഛമായ പൈസ കൊണ്ട് മതിയാവില്ലായിരുന്നു അവന്റെ ഫീസ്

അടക്കാൻ. അതിനാൽ ആ അമ്മ വയൽ പണിക്ക്
ശേഷം അടുത്തുള്ള വീടുകളിൽ പണിയെടുക്കാൻ
പോയി .ആ അമ്മയുടെയും മകന്റെയും പരിശ്രമം
വെറുതെയായില്ല. അവൻ ഒരു കളക്ടറായി .
അങ്ങനെ അവന് ആദ്യ ശമ്പളം ലഭിച്ചു . അവൻ
ആ പൈസ മുഴുവനും കൂട്ടുകാർക്കായ് ചെലവഴിച്ചു .
അവൻ അമ്മയുടെ കാര്യം ഓർത്തു പോലുമില്ല .
അമ്മ അവന്റെ ശമ്പളത്തെ കുറിച്ച് ചോദിച്ചില്ല .
അവൻ ഒന്നും മിണ്ടിയുമില്ല അങ്ങനെ കാലങ്ങൾ
കഴിഞ്ഞു . ഒരു കോളേജിൽ അഥിതിയായ്
അവനെ ക്ഷണിച്ചു . അവിടെ ഒരു ടീച്ചർ അമ്മയെ
കുറിച്ചും അമ്മയുടെ സ്നേഹത്തെക്കുറിച്ചും പറഞ്ഞു
ഇന്നേവരെ അമ്മയുടെ
കഷ്ടപ്പാടോർക്കാതിരുന്നവൻ ആ അമ്മയെ
ഓർക്കാൻ തുടങ്ങി . “പണ്ട്പുതിയ വസ്ത്രങ്ങൾ
വാങ്ങിച്ച് തന്നു പക്ഷെ അമ്മ ഇടുന്നതെല്ലാം
കീറിപ്പറിഞ്ഞ നിറം മങ്ങിയ വസ്ത്രങ്ങൾ .ഞാൻ
തിന്നതിന് ശേഷം വാക്കിവന്നില്ലെൽ എനിക്ക്
വേണ്ട ഞാൻ നേരത്തെ കഴിച്ചതാ എന്നു പറഞ്ഞു

ഒഴിഞ്ഞു മാറുന്ന  അമ്മയുടെ മുഖം അവനോർത്തു".നിറ കണ്ണുകളോടെ അവൻ ഓടിയെത്തി . മകൻെറ കണ്ണുകൾ കണ്ട് അമ്മ ചേദിച്ചു എന്റെ മോനെന്താ പറ്റിയത്? മകന്റെ കണ്ണിൽ നിന്നും കണ്ണുനീർതുള്ളികൾ  ഉതിർന്നു വീഴാൻ തുടങ്ങി. അവൻ അമ്മയെ വാരിപുണർന്നു കൊണ്ട് പറഞ്ഞു അമ്മയോട് പറഞ്ഞു,അമ്മ എന്നോട് ക്ഷമിക്കുക ഞാൻ അമ്മയുടെ സ്നേഹം മനസ്സിലാക്കിയില്ല.ഞാൻ ചെയ്തത് വലിയ തെറ്റാണ്.അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർ വീഴാൻ തുടങ്ങി. അതാണ് സ്നേഹത്തിന്റെ കണ്ണീർ

-മുബഷിറ പി.വൈ

9A

# കടംകഥ

1.അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി

ഉ. മുഖം

2.അകന്നു നിന്നു നോക്കിക്കാണും കണ്ടതെല്ലാം ഉള്ളിലാക്കും

ഉ.ക്യാമറ

3.അകത്ത് തിരിയിട്ടു പുറത്തു മുട്ടയിട്ടു

ഉ. കുരുമുളക്

4.അക്കരെനിൽനിൽക്കും കൊമ്പൻ കാളയ്ക്ക് അറുപത്തിനാല് മുടിക്കയറ്

ഉ.കുമ്പളവള്ളി

5.അങ്ങോട്ടോടും ഇങ്ങോട്ടോടും നേരെ നിന്ന് സത്യം പറയും

ഉ.ത്രാസ്

6.അങ്ങേല മുത്തീം മുക്കിലിരിക്കും ഇങ്ങേല മുത്തീംമുക്കിലീരീക്കും

ഉ.ചൂല്

7.അക്കരെ നിൽക്കും തുഞ്ചാണി ഇക്കരെ നിൽക്കും തുഞ്ചാണി

ഉ.കൺപോള

8.അക്കരെ നിൽക്കും മച്ചമ്പി ഇക്കരെ നിൽക്കും മച്ചമ്പി കടലിൽ ചാടും മച്ചമ്പി കുന്നിൻ മുകളിൽ കയറും മച്ചമ്പി

ഉ.സൂര്യൻ

9.അച്ചൻ സൂര്യൻ അമ്മ കടൽ കുടിൽ തൊട്ടു കൊട്ടാരം പ്രവേശനമുള്ള ഇത്തിരി കുഞ്ഞിന്റെ പേരു ചൊല്ലാമോ?

ഉ.ഉപ്പ്

10. ഒരമ്മയുടെ മകളെല്ലാം വിറച്ച് വിറച്ച്

ഉ.അരയാലില

11.ഒരമ്മ രണ്ടുമുറം വീശി വീശി നടക്കുന്നു

ഉ. ആന

12.ഒരമ്മ പെറ്റ മകളെല്ലാം മുക്കണ്ണൻമാർ

ഉ.തേങ്ങ

13.ഒരാളെ  ഏറ്റാൻ നാലാള്

ഉ. കട്ടിൽ

14.കണ്ണിൽ പിടിക്കാത്ത കളവാണീ പെണ്ണിന് കർണ്ണാടക സംഗീതവും കുത്തിവെപ്പും

ഉ. കൊതുക്

15.ആയിരം തത്തക്ക് ഒരു കൊക്ക്

ഉ.വാഴച്ചുണ്ട്

16.കളകിടക്കം കയറോട്ടം

ഉ.മത്തങ്ങ

17.കൈയ്യിൽ കയറി മെയ്യിലൊളിച്ചു

ഉ.ചോറുരുള

18.കാട്ടു പുല്ല് വീട്ടു സഭയിൽ

ഉ.പുൽപ്പായ

19.കാറ്റത്തോട്ടം കുടവയറൻ

ഉ.ബലൂൺ

-ഹിസാന ഹരിസ്

9A

# ആപ്പൂരിയ കുരങ്ങൻ

ഒരിക്കൽ ഒരു കാട്ടിൽ കുറെ കുട്ടിക്കുരങ്ങൻമാർ ഉണ്ടായിരുന്നു.മഹാവികൃതികളായ അവർ ഒരിക്കൽ നാടു കാണാനിറങ്ങി.കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ച് മുന്നേറിയ അവർ ആശാരിമാരുടെ പണിപ്പുരയിലെത്തി.ഉച്ചയൂണിന് ആശാരിമാർ പോയ സമയമായിരുന്നു അത്.വാനരൻമാർ അവിടെയുള്ള തടികളിലും ഭിത്തികളിലും മരത്തിലുമെല്ലാം ഓടിച്ചാടി നടന്നു.അവിടെ പണിപ്പുരയുടെ മധ്യത്തിലായി ഒരു വലിയ തടി പകുതി അറുത്ത് ആപ്പ് അടിച്ചുവച്ചിരുന്നു.ആ കൂട്ടത്തിലെ ഒരു വികൃതി കുരങ്ങൻ ആപ്പൂരാൻ ശ്രമിച്ചു.ആ കുരങ്ങൻ തടികൾക്കിടിലൂടെ വാല് താഴേക്കിട്ട് ഇരുന്ന് ആപ്പ് ആഞ്ഞുവലിച്ചു.കഠിനമായ ശ്രമത്തിനിടയിൽ ആപ്പ്

ഊരിമാറി.തടികൾക്കിടയിലുള്ള കുരങ്ങന്റെ

വാലറ്റു.അവൻ രക്തം വാർന്നു മരിച്ചു

കൂട്ടുകാരെ നിങ്ങൾക്കി കുരങ്ങന്റെ കഥയിൽ നിന്ന്

എന്ത് മനസ്സിലായി?

"ആവശ്യമില്ലാത്ത കാര്യങ്ങൾ ശ്രദ്ധിച്ച്

അതിലേക്ക് ഇറങ്ങി തിരിക്കരുത്. "

-അജ്മൽ അസ്സീസ്

9A

# പഴഞ്ചൊല്ലുകൾ

കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്ക്യം.

ചെമ്മാനം കണ്ടാലമ്മാനം മഴയില്ല.

അന്തിക്കു വന്ന വിരുന്നും മഴയും ഒരുപോലെ.

മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

ചിങ്ങത്തിലെ മഴ ചിരിച്ചും കരഞ്ഞും.

ചിങ്ങത്തിലെ മഴ തെങ്ങിനു നന്ന്.

തിരുവാതിരയിൽ നൂറു മഴയും നൂറു വെയിലും.

മഴ ഇല്ലാഞ്ഞാൽ മരങ്ങൾ ഉണങ്ങും.

മഴ നനയാതെ പുഴയിൽ ചാടി.

മഴ നിന്നാലും മരം പെയ്യും.

മഴ പെയ്താൽ പുഴ അറിയും.

മഴയുമില്ല വിളയുമില്ല.

കൊല്ലത്തു മഴ പെയ്താൽ കൊയിലാണ്ടീൽ

കുടപിടിക്കണോ?

ഇടവപ്പാതി കഴിഞ്ഞാൽപ്പിന്നെ കുട ചൂടാതെ

നടക്കരുതാരും.

മഴ പെയ്തു നിറയാത്തതു കോരിയൊഴിച്ചാൽ

നിറയുമോ?

തിരുവാതിരയിൽ തിരിമുറിയാതെ.

തുലപ്പത്തു കഴിഞ്ഞാൽ പിലാപ്പൊത്തിലും

കിടക്കാം.

-ഹിസാന ഹാരിസ്

9A

# കുസൃതി ചോദ്യങ്ങൾ& ഉത്തരങ്ങൾ

1)നടുക്ക് വായുള്ള ജീവിയേത്

ഉ: തവള.

2)ചിത്രകാരന്മാർ ചിത്രത്തിനടിയിൽ പേരെഴുതി വയ്ക്കുന്നതെന്തിനാണ്?

ഉ: ചിത്രത്തിന്റെ തലയും വാലും മാറിപ്പോകാതിരിക്കാൻ.(അതായത് എങ്ങനെ പിടിച്ചു നോക്കണമെന്ന് മനസ്സിലാക്കുവാൻ)

3)രാമസ്വാമിയുടെ വിപരീതം എന്ത്?

ഉ:(Rama-saw-me യുടെ opposite Rama did not SEE me)

4)പൊടിയിട്ടാൽ വടിയാവുന്നതെന്ത്?

ഉ: പുട്ട്.

5)വെട്ടിയാലും വെട്ടിയാലും നീളം കൂടുന്നതെന്ത്?

ഉ: കിണർ.

6)തുറക്കാനും അടക്കാനും വയ്യാത്ത ഗേറ്റ് ഏത്?

ഉ:കോൾഗേറ്റ്.

7)പട്ടി വാലാട്ടുന്നത് എന്തുകൊണ്ട്?

ഉ:വാലുകൊണ്ട്.

-നഫീസത്തുൽ മിസരിയാ

9A

# ബഷീർ ദിന ക്വിസ്

1) വൈക്കം മുഹമ്മദ് ബഷീർ ജനിച്ച വർഷം?

ഉ.1908

2) വൈക്കം മുഹമ്മദ് ബഷീർ ജനിച്ചത് എവിടെ?

ഉ.വൈക്കം താലൂക്കിലെ

തലയോലപ്പറമ്പിൽ(കോട്ടയം)

3)ബഷീറിന്റെ ഭാര്യയുടെ പേരെന്ത്?

ഉ.ഫാത്തിമ ബീവി(ഫാബി)

4)ബഷീറിന്റെ മാതാപിതാക്കൾ ആരെല്ലാം?

ഉ.പിതാവ്-കായി അബ്ദുറഹ്മാൻ

മാതാവ്-കുഞ്ഞാത്തുമ്മ.

5)"മതിലുകൾ"എന്ന സിനിമയിൽ ബഷീർ ആയി അഭിനയിച്ചത് ആര്?

ഉ.മമ്മൂട്ടി.

6)ബഷീറിന്റെ ആത്മകഥയുടെ പേര്?

ഉ.ഓർമയുടെ അറകൾ.

7)ഫാബി ബഷീറിന്റെ ആത്മകഥയേത്?

ഉ.ബഷീറിന്റെ എടിയേ.

8)ബാല്യകാലസഖി എന്ന സിനിമയിൽ മജീദായി അഭിനയിച്ചത് ആര്?

ഉ.പ്രേം നസീർ.

-ഫാത്തിമാ ഫർഹാന

9A

# വായനാദിനം

"വായിച്ചാൽ വളരും വായിച്ചില്ലെകിൽ വളയും"

വായനാദിനം വന്നെത്തിയപ്പോൾ കുഞ്ഞുണ്ണി മാഷിന്റെ ഈ വരികളാണ് ആദ്യം മനസ്സിലേക്ക് ഓടിയെത്തുന്നത് . ഇങ്ങനെ ഒരു ദിനം വായിക്കാൻ മാത്രമായി വേണോ എന്നതാണ് എന്റെ ചിന്ത . മറക്കാതിരിക്കാനായി വായനാദിനം എന്ന് വേണേൽ പറയാം . എന്താണ് ആദ്യമായി വായിച്ചതെന്ന് ഓർമയില്ല . ആരാണ് വായിക്കാൻ പഠിപ്പിച്ചതെന്നും ഓർമയില്ല . എന്നാലും വായനാദിനത്തിൽ ഓർക്കാൻ പലതുണ്ട് കുമാരനാശാൻ,വള്ളത്തോൾ,ബഷീർ,ഒ.എൻ.വി കുറിപ്പ്,മാധവിക്കുട്ടി തുടങ്ങിയ മലയാളത്തിൽ വായനയുടെ സംകൃതം പകർന്നവർ നിരവധിപേരുണ്ട് മലയാളത്തിൽ അക്ഷരത്തിന്റെയും വായനയുടെയും ലോകത്തെക്ക് കൈപിടിച്ച് ഉയർത്തർത്തുകയും കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനത്തിന് അടിത്തറയിട്ട

പി.എൻ പണിക്കരുടെ ചരമദിനമായി ജ്ജൂൺ 19 നാം എല്ലാവരും ആചരിക്കുന്നു

- -അസ്ന കെ.സ്

10A

# മഹത് വചനം

.വായന നമുക്ക് ചെറുപ്പകാലത്ത് നമ്മുടെ മനസ്സിനെ പോഷണം നൽകുന്നു.വാർദ്ധ്യക്ക്യത്തിൽ മനസ്സിനെ സന്തോശിപ്പിക്കുന്നു സമ്പത്തകാലത്ത് അതൊരു ദൂഷണമാകുന്നു . ആപത്ത്കാലത്ത് അഭയവും ആശ്വാസവുംതരുന്നു . രാത്രിയിലും അത് നമ്മെിട്ടൊഴിയാത്ത ചങ്ങാതിയാണ്

സിസമേ

.വിജയകഥകൾ മാത്രം വായിച്ചത് കൊണ്ട കാര്യമില്ല അതിൽ നിന്നും ഏതാനും സന്തോഷം മാത്രമേ കിട്ടുകയുള്ളൂ.
പരാജയ കഥകൾ വായിക്കുക വിജയം നേടാൻ സാഹായിക്കുന്ന ചില ആശയങ്ങൾ അതിൽ നിന്ന് നിങ്ങൾക്ക് ലഭിക്കും

ഡോ.എ.പി.ജെഅബ്ദുൽകലാം

.വായന മനുഷ്യനെ പൂർണമാക്കുന്നു സംഭാഷണം മനുഷ്യനെ നിപുണനാക്കുന്നുഎഴുത്ത് മനുഷ്യനെ സൂക്ഷ്മവാനാക്കുന്നു

ഫ്രാൻസിസ് ജോക്കർ

.ഒരു നല്ല പുസ്തകം നൂറ് നല്ല കൂട്ടുകാർക്ക് സമാനമാണ് എന്നാൽ നല്ല സുഹ്രത്ത് ഒരു നല്ല ഗ്രന്ഥശാലയ്ക്ക്സമാനമാണ്

ഡോ.എ.പി.ജെ അബ്ദുക്കലാം

-അൽഫിയാ അനസ്

10A